## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3161** **19/06/2018-ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം നിയമസഭ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം നിയമസഭ മണ്ഡലത്തിൽ എത്ര ഭൂരഹിത- ഭവനരഹിതരായ വ്യക്തികളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 5799 വ്യക്തികളാണ് തിരുവനന്തപുരം നിയമസഭാ മണ്ഡലത്തിൽ നിന്നും ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവനരഹിതരായി ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) | ഇവരിൽ എത്ര പേർക്കാണ് ലൈഫ് പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്; | (ബി) & (സി) | ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്ന പദ്ധതി തുടങ്ങിയിട്ടില്ല. |
| (സി) | ഇതിൽ എത്ര വീടുകൾക്കാണ് 2017 - 18 ൽ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്; | | |
| (ഡി) | ഈ പദ്ധതിയിൽ ഇതിനകം ഉൾപ്പെടാത്ത എത്ര ഭൂരഹിത -ഭവനരഹിതരുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | അർഹരായ എല്ലാവരെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. വ്യക്തമായ പരാതികൾ ഉള്ളപക്ഷം ആയത് പരിഗണിക്കുന്നതാണ്. കൂടാതെ തിരുവനന്തപുരം നിയമസഭ പ്രദേശത്ത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ അർഹത പരശോധിക്കുന്നതിലേക്കും പരാതികൾ സ്വീകരിക്കുന്നതിലേക്കുമുള്ള അദാലത്ത് 04/06/2018 മുതൽ 22/06/2018 വരെ തിരുവനന്തപുരം നഗരസഭയുടെ വിവിധ മേഖലകളിൽ നടന്നുവരികയാണ്. അദാലത്ത് പൂർത്തിയായ ശേഷം ടി പദ്ധതിയിൽ ഉൾപ്പെടാത്ത ഭൂരഹിത ഭനവരഹിതരുടെ കൃത്യമായ വിവരം വ്യക്തമാകുന്നതാണ്.. |

| | | | |
|---|---|---|---|
| (ഇ) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്? | (ഇ) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഗുണഭോക്താക്കൾ നേരിട്ടും ജനപ്രതിനിധികൾ വഴിയും 200 ഓളം പരാതികൾ തിരുവനന്തപുരം നഗരസഭയിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ ഓഖി ദുരന്തത്തിൽ ഇരയായിട്ടുള്ള 1562 ആളുകളുടെ പരാതികളും നഗരസഭയ്ക്ക് ലഭ്യമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**